ഉത്തരം

(എ) കുഴൽമന്ദം ഐ.ടി.ഐ.-യിലെ എല്ലാ ട്രേഡുകൾക്കും 2003 ആഗസ്റ്റ് മുതൽ എൻ.സി.വി.റ്റി. അംഗീകാരമുണ്ട്.

(ബി) ഇപ്പോൾ ആർ.ഐ.സി.-യിൽ രജിസ്റ്റർ ചെയ്യുന്നതിന് തടസ്സമൊന്നുമില്ല.

(സി) ബാധകമല്ല.

(ഡി) കുഴൽമന്ദം ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിന് 18-8-1997-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 2388/97/തൊഴിൽ ഉത്തരവുപ്രകാരം 57 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. കെട്ടിടത്തിന്റെ 1-ാം ബ്ലോക്കിന്റെ 90%-വും 2-ാം ബ്ലോക്കിന്റെ 70%-വും 3-ാം ബ്ലോക്കിന്റെ 40%-വും പണി പൂർത്തിയാവുകയും 17.15 ലക്ഷം രൂപ 2/03-ൽ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 1996-ലെ നിരക്കനുസരിച്ചുള്ള കരാർ പ്രകാരം ബാക്കി ജോലിക്ക് 45,00,310 രൂപയും ഷെഡ്യൂൾ 1999-ലെ നിരക്കനുസരിച്ച് 46,36,230 രൂപയും വേണ്ടിവരുന്നതാണ്. എന്നാൽ 1999-ലെ ഷെഡ്യൂൾ അനുസരിച്ചുള്ള നിരക്കിൽനിന്നും 20% കൂടുതൽ കരാറുകാരൻ ആവശ്യപ്പെട്ടതിൻപ്രകാരം 55,63,476 രൂപ ആവശ്യമായി വരുന്നതാണ്. ഇക്കാര്യം 7-7-2003-ലെ പി.ഡബ്ല്യു.ഡി. ആർബിറ്ററേഷൻ മീറ്റിംഗിന്റെ മിനിറ്റ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കി തുകയ്ക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ കൈകൊള്ളുന്നതാണ്.

പൊതുമേഖലാ/സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ

83 [1222] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 ഡിസംബറിലെ കണക്കുപ്രകാരം കേരളത്തിൽ എത്ര തൊഴിലാളികൾ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കണക്കനുസരിച്ച് എത്ര തൊഴിലാളികൾ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നുണ്ടെന്ന വിവരം അറിയിക്കുമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

അടച്ചുപൂട്ടിയ തൊഴിൽ സ്ഥാപനങ്ങൾ

84 [1223] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2003-04 കാലയളവിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്;

(ബി) ഇവ അടച്ചുപൂട്ടാനുള്ള പ്രധാന കാരണങ്ങൾ എന്താണെന്നറിയിക്കുമോ;

(സി) തൊഴിൽ വകുപ്പ് ഇടപെട്ട് ഇവയിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിച്ചു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2003-04 കാലയളവിൽ സംസ്ഥാനത്ത് ഇതുവരെ 12 വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്.

(ബി) മാനേജ്മെന്റിന്റെ സാമ്പത്തിക പ്രതിസന്ധി, അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ്, ഉല്പന്നങ്ങൾക്ക് മതിയായ ഡിമാന്റില്ലായ്മ, ഇലക്ട്രിസിറ്റി ചാർജ്ജിലെ വർദ്ധനവ് എന്നിവയാണ് അടച്ചുപൂട്ടലിന് ഇടയാക്കിയ സാഹചര്യങ്ങൾ.

(സി) തൊഴിൽ തർക്കം മൂലമല്ല ഈ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുള്ളത് എന്നതിൽ തൊഴിൽ വകുപ്പിന് മാത്രമായി ഇതു പരിഹരിക്കാൻ കഴിയില്ല.

തൊഴിൽ തർക്കങ്ങളുടെ പേരിൽ അടഞ്ഞുകിടക്കുന്ന വ്യവസായങ്ങൾ

85 [1224] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ തർക്കങ്ങളുടെ പേരിൽ അടച്ചുപൂട്ടിയ എത്ര വ്യവസായങ്ങൾ സംസ്ഥാനത്തുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സ്ഥാപനങ്ങളിലെല്ലാംകൂടി ആകെ എത്ര തൊഴിലാളികൾ പ്രവർത്തിച്ചു വന്നിരുന്നുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 4 എണ്ണം.

(ബി) 241 തൊഴിലാളികൾ.

ലോക്കൗട്ടുമൂലം പൂട്ടിക്കിടക്കുന്ന പ്ലാന്റേഷനുകൾ

86 [1225] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, സ്റ്റീഫൻ ജോർജ്:
,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പ്ലാന്റേഷനുകൾ ലോക്കൗട്ടുമൂലം പൂട്ടിക്കിടക്കുകയാണെന്ന് വ്യക്തമാക്കാമോ;

(ബി) അവ ഏതൊക്കെയാണെന്നും ഓരോന്നിലും എത്ര തൊഴിലാളികൾ വീതം ജോലി ചെയ്തിരുന്നുവെന്നും വ്യക്തമാക്കാമോ;

(സി) തൊഴിൽശാലകൾ പൂട്ടിക്കിടക്കുന്നതുമൂലം സംസ്ഥാനത്തിന് എത്ര തൊഴിൽദിനങ്ങൾ നഷ്ടപ്പെടുന്നുവെന്നും അതുമൂലം സംസ്ഥാനത്തിന് ഉണ്ടാകുന്ന പ്രതിമാസ സാമ്പത്തിക നഷ്ടം എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) പ്ലാന്റേഷൻ മംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly